# പതിമൂന്നാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3605** **30/01/2014-ൽ മറുപടിയ്ക്ക്**

## വൈപ്പിൻ മണ്ഡലത്തിലെ ചെമ്മീൻകെട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ: | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) വൈപ്പിൻ മണ്ഡലത്തിൽ ലൈസൻസോടെ പ്രവർത്തിക്കുന്ന എത്ര ചെമ്മീൻകെട്ട് ഉണ്ടെന്ന് പഞ്ചായത്തു തിരിച്ച് വ്യക്തമാക്കാമോ; ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഓരോ കെട്ടിന്റെയും വിസ്തൃതി എത്രയെന്ന് വ്യക്തമാക്കാമോ; | (എ) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ചെമ്മീൻകെട്ട് നടത്തുന്നതിനുള്ള ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡമെന്തെന്ന് വിശദീകരിക്കാമോ; | (ബി) 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിലെയും അതിൻപ്രകാരമുള്ള 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ് ലൈസൻസ് നൽകുന്നത്. ചെമ്മീൻ കെട്ട് നടത്തുന്നതിനുള്ള ലൈസൻസ് ലഭിക്കുന്നതിനായി ആദ്യം SRO 429/2013 ആയി വിജ്ഞാപനം ചെയ്തിട്ടുള്ള 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾ പ്രകാരമുള്ള നിശ്ചിത ഫാറത്തിൽ, ചട്ടപ്രകാരമുള്ള ഫീസ് ഒടുക്കി ചെമ്മീൻ കെട്ട് പ്രദേശം സ്ഥിതി ചെയ്യുന്ന വില്ലേജാഫീസറുടെ ലൊക്കേഷൻ സർട്ടിഫിക്കറ്റ് സഹിതം അതതു പ്രദേശത്തെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് അപേക്ഷ സമർപ്പിക്കുകയും ഫിൽട്രേഷൻ പ്രദേശം രജിസ്റ്റർ ചെയ്യേണ്ടതുമാണ്. അത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെമ്മീൻ കെട്ട് ഫാം നടത്തുന്നതിനുള്ള ലൈസൻസ് ലഭിക്കുന്നതിനായി 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾ പ്രകാരമുള്ള നിശ്ചിത ഫാറത്തിൽ, ചട്ടപ്രകാരമുള്ള ഫീസ് ഒടുക്കി ചെമ്മീൻ കെട്ട് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ചെമ്മീൻ കെട്ടിൽ മത്സ്യബന്ധനം നടത്തുന്ന പ്രവൃത്തിയിൽ തർക്കങ്ങളോ, സാമൂഹ്യ പ്രശ്നങ്ങളോ, പാരിസ്ഥിതിക പ്രത്യാഘാതങ്ങളോ ഉണ്ടാക്കുവാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് |

| | | |
|---|---|---|
| (സി) | ഈ വർഷം മുതൽ ലൈസൻസ് അനുവദിക്കുന്നതിൽ പുതുതായി എന്തെങ്കിലും മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദീകരിക്കാമോ; | (സി) 2010 ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടും, അതിനു കീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾ (SRO 429/2013) അനുസരിച്ചും ചെമ്മീൻ കെട്ടുകളിൽ മത്സ്യബന്ധനം നടത്തുന്നതിന്, ചെമ്മീൻ കെട്ട് പ്രദേശം രജിസ്റ്റർ ചെയ്യേണ്ടതും, അത്തരം രജിസ്റ്റേർഡ് ചെമ്മീൻ കെട്ടുകൾക്ക് മാത്രമാണ് സീസണൽ /വാർഷിക ലൈസൻസ് അനുവദിക്കുന്നത് എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ